DESPATCHED
On.13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.270(2)/2022/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുളള നടപടിക്രമം**
**(ഫയൽ നമ്പർ 4957/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അനിൽ കുമാർ എസ്,
ഇൻഷ്വറൻസ് ഇൻവെസ്റ്റിഗേറ്റർ,
(എ.ആർ & അസോസിയേറ്റ്സ്),
റൂം നമ്പർ 6, ഫസ്റ്റ് ഫ്ളോർ,
എഡ്വിൻ സെന്റർ, മതിലിൽ (പി.ഒ),
കൊല്ലം - 691 601. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സ്റ്റേഷൻ ഹൗസ് ഓഫീസർ,
പേട്ട പോലീസ് സ്റ്റേഷൻ, പേട്ട.

2. അപ്പീൽ അധികാരി & അസിസ്റ്റന്റ്
കമ്മീഷണർ ഓഫ് പോലീസ്,
പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ
കാര്യാലയം, ശംഖുമുഖം, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുളള അപേക്ഷാ തീയതി | 02/11/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19/02/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15/03/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22/03/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 20/12/2022<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അനിൽ കുമാർ എസ് 15/03/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 22/03/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 270(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 02/11/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ടി സ്റ്റേഷനിലെ ക്രൈം നമ്പർ 508/2020 എന്നീ നമ്പർ വാഹനാപകട കേസിലെ താഴെപ്പറയുന്ന റിക്കാർഡുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടത്:

1. എഫ്.ഐ.ആർ
2. എഫ്. ഐ.എസ്
3. നോട്ടീസുകൾ
4. മറുപടികൾ
5. ചാർജ്ഷീറ്റ്
6. കൃത്യസ്ഥല മഹസ്സർ മറ്റുമായി 17 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 14/01/2022 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 19/02/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 20/04/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ 14/01/2022-ലെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ടി അപേക്ഷ പേട്ട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ-യ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിലേയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണെന്നാണ്. ക്രമ നമ്പർ 1, 2 , 17-ലെ വിവരങ്ങൾ അപേക്ഷകന് നൽകിയിട്ടുണ്ടെന്നും, ക്രമനമ്പർ 3, 4, 5, 6, 7, 11 എന്നിവ ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണെന്നും, 8, 9, 10 എന്നിവ

ശേഖരിച്ച് ചാർജ്ജ് ഷീറ്റിനോടൊപ്പം കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണെന്നും, ക്രമ നമ്പർ 12, 13, 14, 15 എന്നിവ അസ്സൽ വാഹന ഉടമകൾ ഹാജരാക്കിയിട്ടുള്ളതും, ആയത് പരിശോധിച്ച് മൂന്നാം സ്ഥാനത്ത് ഉടമകൾക്ക് വിട്ട് നൽകിയിട്ടുള്ളതാണെന്നും, അപേക്ഷകൻ വാദി ഭാഗത്തോ, പ്രതിസ്ഥാനത്തോ ഉൾപ്പെട്ട വ്യക്തി അല്ലായെന്നും, എതിർകക്ഷി വിവരാവകാശ നിയമ പ്രകാരം ടി അപേക്ഷ നൽകിയിരിക്കുന്നത് വിവരാവകാശ 8(1)(h) പ്രകാരം പ്രോസിക്യൂഷൻ നടപടികളെ ബാധിക്കുന്ന കാര്യമാണെന്നും, കൂടാതെ 8(1)(j) പ്രകാരം പൊതുതാൽപ്പര്യം ഇല്ലാത്ത വിഷയത്തിൽ സ്വകാര്യ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്നിരിക്കെ വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. കൂടാതെ ടിയാൻ ഏതെങ്കിലും ഒരു ഇൻഷുറൻസ് ഹോൾഡറിന്റെ ഔദ്യോഗിക പ്രതിനിധി ആണെന്ന് അധികാര രേഖ ഹാജരാക്കുന്നപക്ഷം ബന്ധപ്പെട്ട് രേഖകൾ നൽകാവുന്നതാണെന്നും, നിലവിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മുഖാന്തിരം ശേഖരിക്കാവുന്നതാണെന്നുമാണ് പരാമർശിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ വിവരാവകാശ നിയമം 6(3) പ്രകാരം വിവരം ലഭ്യമായ ഓഫീസിലേയ്ക്ക് ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷ കൈമാറിയിട്ടില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV